# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4613

26.06.2014-ൽ മറുപടിയ്ക്ക്

## ചേർത്തല മനോരമ ജംഗ്ഷന്റെ വികസനത്തിന് നടപടി

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) 335 ലക്ഷം രൂപ അനുവദിച്ച് സർക്കാർ ഭരണാനുമതി നൽകിയ ചേർത്തല മനോരമ ജംഗ്ഷൻ വികസനത്തിന്റെ പുരോഗതി വിശദമാക്കുമോ ; ഈ പ്രവൃത്തിക്ക് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ചേർത്തല മനോരമ കവലയുടെ വികസനത്തിനായി 335 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എങ്കിലും ചേർത്തല കവലയിൽ പ്രവർത്തിച്ചു വരുന്നതും നിലവിലുള്ളതുമായ 122 കടകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി പുനഃരധിവസിപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിലേയ്ക്കായി 09.10.13ൽ കടയുടമകളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം ബഹു. എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർ വിളിച്ചു ചേർത്തിരുന്നു. പ്രസ്തുത യോഗത്തിന്റെ തീരുമാന പ്രകാരം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറേയും ചേർത്തല തഹസീൽദാരേയും സംയുക്ത പരിശോധന നടത്തി ഉചിതമായ സ്ഥലം കണ്ടെത്തുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) മനോരമ ജംഗ്ഷന്റെ വികസനത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിന് ചേർത്തലയിൽ വിളിച്ചു ചേർത്ത യോഗത്തിൽ ആലപ്പുഴ ജില്ലാ കളക്ടർ കച്ചവടക്കാരെ മുഴുവനും പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമെന്നും അതിനു വേണ്ടി സ്ഥലം കണ്ടെത്തി പ്രോജക്ട് സമർപ്പിക്കുമെന്നും പ്രഖ്യാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള പുനരധിവാസ പാക്കേജ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ നടപടി ഏതുവരെയായി എന്നു പറയാമോ; | (ബി) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പുനഃരധിവാസ പാക്കേജ് ലഭിച്ചിട്ടില്ല. കച്ചവടക്കാരെ പുനരധിവസിപ്പിക്കുവാൻ അനുയോജ്യമായ പൊതുസ്ഥലം ചേർത്തലയിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഇല്ല എന്നും ഇതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് 15.02.2014-ൽ ചേർത്തല തഹസീൽദാർക്കും ചേർത്തല മുനിസിപ്പൽ സെക്രട്ടറിക്കും ചേർത്തല നിരത്തു ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകുകയും 09.06.2014ന് വിഷയം വീണ്ടും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് |

എഞ്ചിനീയറുടെയും ചേർത്തല തഹസിൽദാരുടേയും സംയുക്ത പരിശോധനയിൽ തയ്യാറാക്കുന്ന പുനഃരധിവാസ പാക്കേജ് കളക്ടർ മുൻപാകെ 28.06.2014 ൽ ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | മനോരമ ജംഗ്ഷന്റെ വികസനം അകാരണമായി വൈകിപ്പിക്കുന്നതിന് ഏതെങ്കിലും ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്നു പറയാമോ? | (സി) | ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ